"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ്- ജീവനക്കാര്യം - തിരുവല്ല നിരണം സെന്റ് തോമസ് ഹൈസ്കൂളിലെ ഫുൾ ടൈം മീനിയൽ ശ്രീമതി അന്നമ്മ ഉമ്മൻ ഫയൽ ചെയ്ത റിട്ട് അപ്പീൽ നം.335/2024-ൽ 05/03/2024 തീയതി ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.4329/2024/GEDN    തീയതി,തിരുവനന്തപുരം, 10-07-2024

---

പരാമർശം:-

1. റിട്ട് അപ്പീൽ നം.335/2024-ൽ 05/03/2024 തീയതി ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം.
2. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 01.07.2024 തീയതിയിലെ ET3/12707/2024/DGE നം. കത്ത്.
3. പത്തനംതിട്ട വിദ്യാഭ്യാസ ഉപഡയറക്ടറുടെ DDEPTA/1205/2024 - B3 നം. കത്ത്.
4. തിരുവല്ല ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 26.06.2024 തീയതിയിലെ DEOTVL/853/2024 - B4 നം. കത്ത്.
5. ശ്രീമതി അന്നമ്മ ഉമ്മൻ സമർപ്പിച്ച 15.03.2024 തീയതിയിലെ നിവേദനം.

**ഉത്തരവ്**

തിരുവല്ല നിരണം സെന്റ് തോമസ് ഹൈസ്കൂളിലെ ഫുൾ ടൈം മീനിയൽ ശ്രീമതി അന്നമ്മ ഉമ്മൻ ഫയൽ ചെയ്ത WA നം.335/2024-ൽ 05/03/2024 തീയതി ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായ പ്രകാരം, ഹർജിക്കാരി സർക്കാരിൽ സമർപ്പിക്കുന്ന ഹർജി പരിശോധിച്ച്, ബന്ധപ്പെട്ടവരെ നേരിൽ കേട്ട്, ഉത്തരവ് പുറപ്പെടുവിക്കുവാൻ ഒന്നാം എതിർകക്ഷി സർക്കാരിനോട് നിർദ്ദേശം നൽകിയിരുന്നു.

2. സർക്കാർ ഈ വിഷയത്തിൽ 02.07.2024 തീയതി ബന്ധപ്പെട്ടവരെ നേരിൽ കേട്ടു.

3. ഹർജിക്കാരി വിദ്യാഭ്യാസ ഓഫീസർമാർ എന്നിവർ ഹിയറിംഗ് വേളയിൽ ചുവടെ പറയുന്ന വാദങ്ങൾ ഉന്നയിച്ചു.

ഹർജിക്കാരിയുടെ വാദഗതികളുടെ സംഗ്രഹം ഇപ്രകാരമാണ്.

4. 06/12/2013 പ്രാബല്യത്തിൽ നിരണം സെന്റ് തോമസ് ഹൈസ്കൂളിൽ എഫ്.ടി.എം. ആയി നിയമിച്ച തന്റെ നിയമനം, നിയമന സമയത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിട്ടുണ്ട്

എന്നതിനാൽ അംഗീകരിക്കപ്പെട്ടിട്ടില്ല. ഇത്രയും വർഷം സ്കൂളിൽ ജോലി ചെയ്തത് പരിഗണിച്ച് തന്റെ നിയമനം ദിവസവേതനാടിസ്ഥാനത്തിലെങ്കിലും അംഗീകരിച്ച് ശമ്പളാനുകൂല്യങ്ങൾ അനുവദിയ്ക്കണമെന്നതാണ് അപേക്ഷ.

ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ ഇപ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്

5. ശ്രീമതി അന്നമ്മ ഉമ്മനെ ഫുൾടൈം മീനിയലായി മാനേജർ 06/12/2013 മുതൽ സെന്റ് തോമസ് ഹൈസ്കൂൾ നിരണം വെസ്റ്റ് - ൽ നിയമിച്ചു. ശ്രീ കെ വി വർഗീസിനെ ഓഫീസ് അറ്റൻഡന്റ് ആയി സ്ഥാനക്കയറ്റം നൽകി ടി സ്കൂളിൽ മാനേജർ നിയമിച്ച ഒഴിവിലാണ് ശ്രീമതി അന്നമ്മ ഉമ്മനെ നിയമിച്ചത്. നിയമനം നൽകിയ 06/12/2013 തീയതിയിൽ ശ്രീമതി അന്നമ്മ ഉമ്മന് 39 വയസ്സ് പൂർത്തിയായിരുന്നു. എന്നാൽ അനധ്യാപക ജീവനക്കാരുടെ ഉയർന്ന പ്രായപരിധി 36 വയസ്സാണ്. കൂടാതെ ജനറൽ കാറ്റഗറിയിൽ ഉൾപ്പെടുന്നതിനാൽ വയസ്സ് ഇളവും അനുവദിക്കുന്നതല്ല.

6. സെന്റ് തോമസ് ഹൈസ്കൂൾ നിരണം വെസ്റ്റ് മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളാണ്. ഇത്തരം സ്കൂളുകളിൽ അധ്യാപക നിയമനങ്ങൾ ദിവസവേതന വ്യവസ്ഥയിലാണ് അംഗീകരിക്കുന്നത്. അനധ്യാപക നിയമനങ്ങൾ ദിവസ വേതന വ്യവസ്ഥയിൽ അംഗീകരിക്കുന്നതിൽ നിലവിൽ ഉത്തരവുകൾ ഇല്ല മേൽ സാഹചര്യത്തിൽ ആണ് ശ്രീമതി അന്നമ്മ ഉമ്മന്റെ എഫ്.ടി.എം നിയമന അംഗീകാരം നിരസിക്കുകയുണ്ടായത്.

7. ടിയാൾ 51 എ അവകാശിയാകുന്നില്ല ആയതിനാൽ ഉയർന്ന പ്രായപരിധി ഇളവ് ലഭിക്കുകയില്ല.

8. സർക്കാർ ഈ വിഷയം നിലവിലെ വിദ്യാഭ്യാസ ചട്ടങ്ങളുടെയും റിപ്പോർട്ടുകളുടെയും ഹിയറിംഗിൽ ഉന്നയിച്ച വാദഗതികളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു.

9. തിരുവല്ല ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ അധികാര പരിധിയിൽ വരുന്ന സെന്റ് തോമസ് നിരണം വെസ്റ്റ് സ്കൂളിലെ എഫ്.ടി.എം ആയി 06/12/2013 മുതൽ സ്ഥാനക്കയറ്റം മൂലമുണ്ടായ ഒഴിവിലേക്ക് മാനേജർ ഹർജിക്കാരിയെ നിയമിച്ചിട്ടുണ്ട്. എന്നാൽ നിയമനത്തീയതിയിൽ ടിയാൾക്ക് 39 വയസ്സ് പൂർത്തിയായിരിന്നു. ടി സ്കൂൾ മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളുടെ ഗണത്തിൽപ്പെട്ടതിനാലും ടി സ്കൂളുകളിലെ അനദ്ധ്യാപക നിയമനങ്ങൾ ദിവസവേതനത്തിൽ അംഗീകരിയ്ക്കുന്നതിന് നിലവിൽ ഉത്തരവുകൾ ഇല്ലാതിരുന്നതിനാലും ജില്ലാ വിദ്യാഭ്യാസ ഓഫീസർ ടി നിയമനം നിരസിയ്ക്കുകയാണ് ഉണ്ടായത്. ഇതു സംബന്ധിച്ച് സമർപ്പിച്ച അപ്പീലുകളും നിരസിയ്ക്കപ്പെട്ടു.

10. ഹർജിക്കാരി 01/12/2007 മുതൽ 31/12/2007 (ഒരു മാസം) വരെ ദിവസവേതനാടിസ്ഥാനത്തിൽ ടി സ്കൂളിൽ ജോലി ചെയ്തിരുന്നുവെന്നും, ടി നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചിരുന്നുവെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

11. തന്റെ നിയമനം അംഗീകരിച്ച് ജോലി ചെയ്തിരുന്ന കാലയളവിലെ ശമ്പളം ദിവസ

വേതനാടിസ്ഥാനത്തിലെങ്കിലും അംഗീകരിയ്ക്കണമെന്നതാണ് ഹർജിയിലെ ആവശ്യം.

12. 31/05/1974, ജനനത്തീയതിയായുള്ള ഹർജിക്കാരിയ്ക്ക് നിയമന വർഷമായ 2013 ജനുവരി ഒന്നാം തീയതി, നിയമനത്തിനുള്ള പ്രായപരിധിയായ 36 വയസ്സ് കഴിഞ്ഞിരുന്നു. ടിയാരി ജനറൽ കാറ്റഗറിയിൽപ്പെടുന്നതിനാൽ വയസ്സിളവും അനുവദിയ്ക്കുന്നതല്ല.

13. സർക്കാർ സ്കൂളുകളിലെ അനദ്ധ്യാപക നിയമനത്തിനുള്ള പ്രായപരിധി 36 വയസ്സാണ്. (SC/ST/OBC ഒഴികെ). ഇതേ റൂൾ തന്നെ എയ്ഡഡ് സ്കൂളുകളിലെ അനധ്യാപകനിയമനങ്ങൾക്കും ബാധകമാക്കിയിട്ടുണ്ട്. 01/04/2012 മുതൽ എയ്ഡഡ് സ്കൂളുകളിലെ എഫ്.ടി.എം. നിയമനത്തിനുള്ള പ്രായപരിധി 36 വയസ്സായി നിശ്ചയിച്ചിട്ടുണ്ട്. (General category) മാത്രവുമല്ല മേൽ സ്കൂൾ പുതുതായി ആരംഭിച്ച മതിയായ എണ്ണം കുട്ടികളില്ലാത്ത ഗണത്തിൽപ്പെടുന്നതിനാൽ ഇത്തരം സ്കൂളുകളിലെ അദ്ധ്യാപക നിയമനങ്ങൾ ദിവസവേതന വ്യവസ്ഥയിലാണ് അംഗീകരിയ്ക്കുന്നത്. അനദ്ധ്യാപക നിയമനങ്ങൾ ദിവസവേതനത്തിൽ അംഗീകരിയ്ക്കുന്നതിന് അന്ന് നിലവിൽ ഉത്തരവില്ലാതിരുന്നതിനാലാണ് ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിയമനം നിരസിച്ചിട്ടുള്ളത്.

14. 01/12/2007 മുതൽ 31/12/2007 വരെ ഒരു മാസം ടിയാരിയുടെ മുൻകാല സർവ്വീസ് ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിച്ചിട്ടുണ്ട്. KER അദ്ധ്യായം 14A ചട്ടം 51A അവകാശി ആകണമെങ്കിൽ ഒരു അധ്യയനവർഷത്തിൽ കുറയാത്ത അംഗീകൃത സർവ്വീസ് ഉണ്ടായിരിക്കണം. അപ്രകാരമെങ്കിൽ പുനർ നിയമനം നല്കുന്ന അവസരത്തിൽ പ്രായപരിധിയ്ക്ക് ഇളവ് ലഭിയ്ക്കുന്നതാണ്. ഹർജിക്കാരിയുടെ കേസിൽ ഒരു മാസം ദിവസവേതനാടിസ്ഥാനത്തിലുള്ള അംഗീകൃത സേവനം മാത്രം ലഭ്യമായിട്ടുള്ള സാഹചര്യത്തിൽ ടി ഇളവിന് അർഹതയില്ല. ഇവിടെ ഹർജിക്കാരിയുടെ നിയമനം ദിവസവേതനാടിസ്ഥാനത്തിൽ പോലും അംഗീകരിക്കാനും ശമ്പളാനുകൂല്യങ്ങൾ നല്കാനും നിലവിലുള്ള ചട്ടപ്രകാരം കഴിയുന്നതല്ല.

15. മേൽ സാഹചര്യത്തിൽ, ഹർജിക്കാരിയുടെ റിവിഷൻ ഹർജി നിരസിച്ചുകൊണ്ട് ശ്രീമതി അന്നമ്മ ഉമ്മൻ ഫയൽ ചെയ്ത റിട്ട് അപ്പീൽ നം.335/2024-ൽ 05/03/2024 തീയതി ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജ്യോതിലക്ഷ്മി എൽ
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (അറിവിലേക്കായി)
ശ്രീമതി അന്നമ്മ ഉമ്മൻ, ഫുൾ ടൈം മീനിയൽ, സെന്റ് തോമസ് ഹൈസ്കൂൾ, നിരണം വെസ്റ്റ്, കിഴക്കുംഭാഗം പി.ഒ., തിരുവല്ല-689621
പൊതുവിദ്യാഭ്യാസ ഡയറക്ടർ , തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, പത്തനംതിട്ട
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, തിരുവല്ല
മാനേജർ, സെന്റ് തോമസ് ഹൈസ്കൂൾ, നിരണം വെസ്റ്റ്, കിഴക്കുംഭാഗം പി.ഒ., തിരുവല്ല-689621
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Resmi Babu
Date: 11-07-2024 11:04:05

സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.

പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ സി.എ.യ്ക്ക്.